വെളിച്ചം സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

നാലാം ഘട്ടം

ക്യാമ്പയിൻ 4

സൂറത്തുൽ ഫുർഖാൻ

ആയത്ത് 53 മുതൽ 67 വരെ

2022 ജൂലൈ 31 ഞായർ മുതൽ ആഗസ്റ്റ് 13 ശനി വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org
velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

۞ وَهُوَ ٱلَّذِى مَرَجَ ٱلْبَحْرَيْنِ هَٰذَا عَذْبٌ فُرَاتٌ وَهَٰذَا مِلْحٌ أُجَاجٌ وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَّحْجُورًا ﴿٥٣﴾

《53》 രണ്ട് സമുദ്രങ്ങളെ അയച്ചുവിട്ടവനും അവനത്രെ; ഇത് (ഒന്ന്) നല്ല സ്വച്ഛജലവും, അത് (മറ്റേത്) കയ്പായ ഉപ്പുജലവുമാകുന്നു. അവ രണ്ടിനുമിടയിൽ ഒരു മറയും, ഭദ്രമായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തിയിരിക്കുന്നു.

《53》 وَهُوَ الَّذِ അവൻ തന്നെയാണ്, യാതൊരുവൻ مَرَجَ അവൻ അയച്ചുവിട്ടിരിക്കുന്നു الْبَحْرَيْنِ രണ്ടു സമുദ്രത്തെ هَٰذَا ഇത് (ഒന്ന്) عَذْبٌ ശുദ്ധജലമാണ് فُرَاتٌ നല്ല ശുദ്ധമായ وَهَٰذَا ഇത്, ഇതാകട്ടെ(മറ്റേത്) مِلْحٌ ഉപ്പാണ് أُجَاجٌ കഠിന ഉപ്പായ(കയ്പായ) وَجَعَلَ

അവൻ ആക്കുകയും ചെയ്തു بَيْنَهُمَا ആ രണ്ടിനുമിടയിൽ بَرْزَخًا ഒരു മറ وَحِجْرًا തടസ്സവും, മുടക്കവും مَحْجُورًا തടസ്സപ്പെട്ട (ഭദ്രമായ)

രണ്ട് സമുദ്രങ്ങൾ കൊണ്ട് വിവക്ഷിക്കപ്പെടുന്നത്, രണ്ടുതരം ജലസമൂഹമാകുന്നു. ഒന്ന് ശുദ്ധജലം, കുടിക്കുവാനും ദാഹം തീർക്കുവാനും പറ്റിയ ആസ്വാദ്യജലം. മറ്റേത് കഠിനമായ ഉപ്പുരസം നിമിത്തം കയ്പുള്ളതും കുടിക്കുവാൻ കൊള്ളാത്തതുമായ ജലം. പ്രകൃത്യാ തന്നെ ഈ വിരുദ്ധസ്വഭാവമുള്ള രണ്ട് ജലങ്ങളും ഭൂമിയിൽ ധാരാളം കാണാം. ബാഹ്യമായ ഒരു നിയന്ത്രണവും കൂടാതെ അവ അന്യോന്യം തൊട്ടും കൂടിച്ചേർന്നും കൊണ്ടിരിക്കുന്നു. അങ്ങിനെ എത്രയോ കാലഘട്ടങ്ങൾ കഴിഞ്ഞുപോയിട്ടും, ഒരു വിഭാഗം മറ്റേതിനെ കടന്നാക്രമിച്ചു പരാജയപ്പെടുത്തുകയോ, തന്നിൽ ലയിപ്പിക്കുകയോ ചെയ്യുന്നില്ല. അഥവാ ഉപ്പുജലം ഇല്ലാതായി പകരം ശുദ്ധജലം അതിന്റെ സ്ഥാനം കൈക്കലാക്കുകയോ, മറിച്ച് ഉപ്പുജലം അതിരുകടന്ന് ശുദ്ധജലം ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. ഏതോ ഒരു അദൃശ്യമഹാശക്തി അതിന് തടസ്സമായി നിലകൊള്ളുന്നു. അല്ലാഹുവിന്റെ അപാരമായ കഴിവ് (القدرة) ഒന്നുമാത്രമാണത്.

സത്യവിശ്വാസത്തിന്റെയും, അവിശ്വാസത്തിന്റെയും (الايمان والكفر)ഇങ്ങുള്ളഅവസ്ഥയും ഇത്തന്നെ. ഒന്ന് മറ്റേതിൽ ലയിക്കുന്നതല്ല. അല്ലാഹുവിന്റെ മാർഗത്തിലുള്ള സമര മനഃസ്ഥിതി യാകുന്ന മറ സത്യവിശ്വാസികളിൽ നിലനിൽക്കുന്ന കാലത്തോളം, സത്യവിശ്വാസമാകുന്ന ശുദ്ധജല സമുദ്രവും, അവിശ്വാസമാകുന്ന ഉപ്പു ജലസമുദ്രവും തമ്മിൽ സംയോജനം സാധ്യമല്ല. അഞ്ചാമത്തെ ദൃഷ്ടാന്തം ഇതാകുന്നു:-

وَهُوَ ٱلَّذِى خَلَقَ مِنَ ٱلْمَآءِ بَشَرًا فَجَعَلَهُۥ نَسَبًا وَصِهْرًا ۗ وَكَانَ رَبُّكَ قَدِيرًا ﴿٥٤﴾

《54》 അവൻതന്നെയാണ്, മനുഷ്യനെ ജലത്തിൽ നിന്നും സൃഷ്ടിച്ചു അവനെ വംശബന്ധവും, വൈവാഹിക ബന്ധവും (ഉള്ളവൻ) ആക്കിയിരിക്കുന്നവനും, നിന്റെ രക്ഷിതാവ് (എല്ലാ കാര്യത്തിനും) കഴിവുള്ളവനാകുന്നു.

《54》 وَهُوَ الَّذِي അവൻ തന്നെയാണ് യാതൊരുവൻ خَلَقَ അവൻ സൃഷ്ടിച്ചു مِنَ الْمَاءِ ജലത്തിൽ നിന്ന്, ജലത്താൽ بَشَرًا മനുഷ്യനെ فَجَعَلَهُ എന്നിട്ട് അവനെ ആക്കി نَسَبًا വംശബന്ധം, കുലബന്ധം وَصِهْرًا വൈവാഹിക ബന്ധവും وَكَانَ ആകുന്നു رَبُّكَ നിന്റെ രക്ഷിതാവ് قَدِيرًا കഴിവുള്ളവൻ(സർവ്വശക്തൻ)

ജലവംശത്തിൽപെട്ട ഒരു പ്രത്യേക ഇനമാകുന്ന മനുഷ്യബീജത്തെയാണ് ഇവിടെ ജലം (الْمَاء) കൊണ്ട് ഉദ്ദേശിക്കുന്നത്. തീ, വെള്ളം, മണ്ണ്, വായു, ജീവൻ എന്നീ പഞ്ചഭൂതങ്ങളിൽ ഒന്നായ വെള്ളമാണ് ഉദ്ദേശ്യമെന്നും വരാവുന്നതാണ്.

മനുഷ്യർ തമ്മിൽ സ്ഥിരബന്ധം ഉണ്ടായിത്തീരുന്നത് രണ്ട് വിധത്തിലാണ്. ഒന്ന് കുലത്തിന്റെയും വംശത്തിന്റെയും അടിസ്ഥാനത്തിൽ. ഒരാളുടെ പിതൃപരമ്പരയും,

ഗോത്രപ്പേരും കണക്കാക്കുന്നത് ഈ ബന്ധത്തെ ആസ്പദമാക്കിയാണ്. മറ്റൊന്ന് വിവാഹത്താൽ ഉളവാകുന്ന ബന്ധുത്വത്തിന്റെ അടിസ്ഥാനത്തിൽ. വേറൊരു തരത്തിൽ പറഞ്ഞാൽ, പുരുഷൻ വഴിക്കും സ്ത്രീ വഴിക്കുമാണ് മനുഷ്യൻ തമ്മിൽ ബന്ധുക്കളാവുന്നത്. ഒരേ ബീജത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഇങ്ങിനെ രണ്ട് വിഭാഗമായതും, ഓരോ വിഭാഗത്തിലെ വ്യക്തികൾ പരസ്പരം വ്യത്യസ്തമായ ആകൃതിയിലും പ്രകൃതിയിലുമായതും അല്ലാഹുവിന്റെ മഹാശക്തിയുടെ ദൃഷ്ടാന്തങ്ങളിൽ പെട്ടത്തന്നെ. ഒരേ പിതാവിൽനിന്നും, ഒരേ മാതാവിൽ നിന്നുമായി ഉത്ഭവിച്ചുതുടങ്ങിയ മനുഷ്യവംശം ക്രമേണ പെറ്റു പെരുകിപ്പെരുകി കോടാനുകോടികളായിത്തീർന്നതും അതിന്റെ ദൃഷ്ടാന്തം തന്നെ.

وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُهُمْ وَلَا يَضُرُّهُمْ ۗ وَكَانَ ٱلْكَافِرُ عَلَىٰ رَبِّهِۦ ظَهِيرًا ﴿٥٥﴾

《55》 അല്ലാഹുവിന് പുറമെ, തങ്ങൾക്ക് ഉപകാരം ചെയ്യാത്തതും, ഉപദ്രവം ചെയ്യാത്തതുമായ വസ്തുവെ അവർ ആരാധിക്കുന്നു! അവിശ്വാസി, തന്റെ രക്ഷിതാവിനെതിരായി (ദുർമാർഗത്തിന്) പിൻതുണ നൽകുന്നവനായിരിക്കുകയാണ്.

وَمَآ أَرْسَلْنَـٰكَ إِلَّا مُبَشِّرًا وَنَذِيرًا ﴿٥٦﴾

《56》 (നബിയേ) സന്തോഷവാർത്ത അറിയിക്കുന്നവനും, (താക്കീത് നൽകുന്ന) മുന്നറിയിപ്പുകാരനുമായിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.

قُلْ مَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَن شَآءَ أَن يَتَّخِذَ إِلَىٰ رَبِّهِۦ سَبِيلًا ﴿٥٧﴾

《57》 പറയുക: ഇതിന്റെ [ഈ ദൗത്യനിർവ്വഹണത്തിന്റെ] പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; ആരെങ്കിലും തന്റെ രക്ഷിതാവിങ്കലേക്ക് ഒരു മാർഗമുണ്ടാക്കിവെക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ (അത് ചെയ്തുകൊള്ളട്ടെ) എന്നല്ലാതെ.

《55》 وَيَعْبُدُونَ അവർ ആരാധിക്കുന്നു مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ مَا لَا يَنفَعُهُمْ അവർക്ക് ഉപകാരം ചെയ്യാത്തതിനെ وَلَا يَضُرُّهُمْ അവർക്ക് ഉപദ്രവവും ചെയ്യാത്ത وَكَانَ الْكَافِرُ അവിശ്വാസിയാകുന്നു, ആയിരിക്കുന്നു عَلَىٰ رَبِّهِ തന്റെ രക്ഷിതാവിന്റെ മേൽ(എതിരിൽ) ظَهِيرًا പിന്തുണ നൽകുന്നവൻ, പിൻതുണക്കാരൻ 《56》 وَمَا أَرْسَلْنَاكَ നിന്നെ നാം അയച്ചിട്ടില്ല إِلَّا مُبَشِّرًا സന്തോഷവാർത്ത അറിയിക്കുന്നവനായിട്ടല്ലാതെ وَنَذِيرًا താക്കീതുകാരനും, മുന്നറിയിപ്പ് നൽകുന്നവനും 《57》 قُلْ നീ പറയുക مَا أَسْأَلُكُمْ ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല, ആവശ്യപ്പെടുന്നില്ല عَلَيْهِ അതിന്റെ പേരിൽ, അതിന്

مَن شَاءَ ഒരു പ്രതിഫലവും, (കൂലിയുടെ ഇനത്തിൽപെട്ട ഒന്നും) إِلَّا ഒഴികെ مِنْ أَجْرٍ ആരെങ്കിലും ഉദ്ദേശിച്ചാൽ(ചെയ്യട്ടെ) أَن يَتَّخِذَ ഉണ്ടാക്കുവാൻ, ഏർപ്പെടുത്തുവാൻ إِلَىٰ رَبِّهِۦ തന്റെ റബ്ബിങ്കലേക്ക് سَبِيلًا വല്ല മാർഗവും, ഒരു വഴി.

ഒരു വസ്തുവെ ആരാധിക്കുന്ന പക്ഷം, അത്മൂലം എന്തെങ്കിലും ഒരു ഗുണം പ്രതീക്ഷിക്കുവാനുണ്ടായിരിക്കണം. അല്ലെങ്കിൽ, അതിനെ ആരാധിക്കാത്തത് കൊണ്ട് ഒരു ദോഷം ബാധിക്കുവാനുണ്ടാകണം. രണ്ടുമല്ലാത്ത വസ്തുക്കളെ ആരാധിക്കുന്നത് വിഡ്ഢിത്തമല്ലാതെ മറ്റെന്താണ്?! എന്നിട്ടും ഈ അവിശ്വാസികൾ ചെയ്യുന്നത് അതാണ്. സ്രഷ്ടാവും പരിപാലകനും, പരമകാരുണികനുമായ അല്ലാഹുവിന്റെ -മുകളിൽ പ്രസ്താവിച്ചതുപോലെയുള്ള - എത്രയോ അനുഗ്രഹങ്ങൾ ആസ്വദിച്ചും, കണക്കറ്റ ദൃഷ്ടാന്തങ്ങൾ കണ്ടുംകൊണ്ട് തന്നെയാണ് അവരും ജീവിക്കുന്നത്. അതെല്ലാം അഗണ്യകോടിയിൽ തള്ളിക്കളഞ്ഞു അല്ലാഹുവിനെതിരിൽ, പിശാചിന്റെയും, അവന്റെ കക്ഷിക്കാരുടെയും പക്ഷത്ത് ചേർന്നു അവരുടെ മാർഗത്തിൽ സമരം നടത്തിക്കൊണ്ട് അവർക്ക് പിന്തുണ നൽകുകയാണ് അവിശ്വാസികളുടെ ജോലി.

ബലം പ്രയോഗിച്ചു നിർബന്ധപൂർവ്വം ജനങ്ങളെ തൗഹീദിലേക്ക് കൊണ്ടുവരുവാൻ നബി ﷺ നിയോഗിക്കപ്പെട്ടിട്ടില്ല. വിശ്വസിച്ചവർക്ക് അല്ലാഹുവിങ്കൽ അതിമഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുവാനും, നിഷേധിച്ചവർക്ക് അതികഠിനമായ ശിക്ഷയുണ്ടെന്ന മുന്നറിയിപ്പ് നൽകി താക്കീത് ചെയ്വാനുമാണ് അവിടുന്ന് നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതിൽ കവിഞ്ഞ് നബി ﷺ ഒന്നും ചെയ്യേണ്ടതില്ലെന്ന് 56-ാം വചനം ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന്റെ കാരുണ്യവും പ്രീതിയും ലഭിക്കുവാനും, അവന്റെ സാമീപ്യം സമ്പാദിക്കുവാനും ആർക്കെങ്കിലും ഉദ്ദേശ്യമുണ്ടെങ്കിൽ അവരത് ചെയ്തുകൊള്ളുവാൻ നബി തിരുമേനി ﷺ ആവശ്യപ്പെടുന്നത് വാസ്തവമാണ്. ഈ ആവശ്യാർത്ഥം ദാനധർമങ്ങൾ തുടങ്ങിയ സൽക്കർമങ്ങൾ ചെയ്വാൻ അവിടുന്ന് ഉപദേശിക്കുന്നുമുണ്ട്. അതാണവിടുന്ന് ചെയ്യേണ്ടതും. ഇതല്ലാതെ - എത്രയോ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുകൊണ്ട് അവിടുന്ന് നിർവ്വഹിച്ചു വരുന്ന പ്രബോധനത്തിന്റെ പേരിൽ - എന്തെങ്കിലും ഒരു പ്രതിഫലമോ, സ്വാർത്ഥമോ തിരുമേനി ആഗ്രഹിക്കുന്നില്ല. അങ്ങിനെ വല്ല ആവശ്യവും പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ, അദ്ദേഹത്തെ അനുസരിക്കാതിരിക്കുന്നതിൽ ജനങ്ങൾക്കൊരു ന്യായം പറയുവാനുണ്ടായിരുന്നു. ഈ വസ്തുത അവരെ ഓർമപ്പെടുത്തുവാനാണ് 57-ാം വചനം നബി ﷺ യെ ഉപദേശിക്കുന്നത്. തുടർന്നുള്ള വചനം തിരുമേനിക്ക് കൂടുതൽ മനഃശാന്തിയും ധൈര്യവും നൽകുന്നു.

وَتَوَكَّلْ عَلَى ٱلْحَىِّ ٱلَّذِى لَا يَمُوتُ وَسَبِّحْ بِحَمْدِهِۦ ۚ وَكَفَىٰ بِهِۦ بِذُنُوبِ عِبَادِهِۦ خَبِيرًا ﴿٥٨﴾

﴿58﴾ (നബിയേ)മരണം ബാധിക്കാത്ത സജീവനായുള്ളവനിൽ (കാര്യങ്ങളെ) നീ ഭരമേൽപിക്കുകയും ചെയ്തു കൊള്ളുക. അവന് സ്തോത്രം ചെയ്യുന്നതോടെ കീർത്തനവും ചെയ്യുക. തന്റെ അടിയാൻമാരുടെ പാപങ്ങളെ ക്കുറിച്ച് സൂക്ഷ്മജ്ഞനായി അവൻ തന്നെ മതി.

ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ ٱلرَّحْمَـٰنُ فَسْـَٔلْ بِهِۦ خَبِيرًا ﴿٥٩﴾

﴾59﴿ ആകാശങ്ങളും, ഭൂമിയും, അവയ്ക്കിടയിലുള്ളതും ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളവനത്രെ (അവൻ).

പിന്നീട് അവൻ അർശിൽ [സിംഹാസനത്തിൽ] ആരോഹണം; ചെയ്തു. (അവൻ) പരമകാരുണികൻ, ആകയാൽ, അതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനിയായ ഒരുവനോട് നീ ചോദിച്ചുകൊള്ളുക.

﴾58﴿ وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക عَلَى الْحَيِّ സജീവനായുള്ളവന്റെ, ജീവിച്ചിരിക്കുന്നവന്റെ മേൽ الَّذِي لَا يَمُوتُ മരണപ്പെടാത്തവനായ وَسَبِّحْ നീ കീർത്തനവും ചെയ്യുക, തസ്ബീഹ് നടത്തുകയും ചെയ്യുക بِحَمْدِهِ അവന്ന് സ്തോത്രം ചെയ്യുന്നതോടെ, സ്തുതിച്ചുകൊണ്ട് وَكَفَىٰ بِهِ അവൻ മതി بِذُنُوبِ പാപങ്ങളെപ്പറ്റി, കുറ്റങ്ങളെക്കുറിച്ച് عِبَادِهِ തന്റെ അടിയാൻമാരുടെ خَبِيرًا സൂക്ഷ്മജ്ഞാനിയായിട്ട് ﴾59﴿ الَّذِي خَلَقَ സൃഷ്ടിച്ചവനാണ് السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും وَمَا بَيْنَهُمَا അവ രണ്ടിനുമിടയ്ക്കുള്ളതും فِي سِتَّةِ أَيَّامٍ ആറു ദിവസങ്ങളിൽ ثُمَّ പിന്നെ اسْتَوَىٰ അവൻ ആരോഹണം ചെയ്തു, ശരിപ്പെട്ടു عَلَى الْعَرْشِ സിംഹാസനത്തിൽ, രാജപീഠത്തിൻമേൽ الرَّحْمَٰنُ പരമകാരുണികനാണ് فَاسْأَلْ ആകയാൽ (എന്നാൽ) നീ ചോദിക്കുക بِهِ അവനെപ്പറ്റി, ഇതിനെക്കുറിച്ച് خَبِيرًا ഒരു സൂക്ഷ്മജ്ഞാനിയോട്

അവിശ്വാസികളുടെ എതിർപ്പുകളിലും, നിഷേധത്തിലും അക്ഷമനാകാതെ, എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു, സ്ഥിരചിത്തനായിരുന്നുകൊള്ളുവാൻ നബിﷺയെ ഉപദേശിക്കുന്നു. ഭരമേൽപിക്കുന്നതിനാസ്പദമായ അവന്റെ ചില ഗുണവൈ ശിഷ്ട്യങ്ങളും അതോടൊപ്പം എടുത്തു പറഞ്ഞിരിക്കുന്നു :

1) അവൻ ഒരിക്കലും മരണം ബാധിക്കാത്തവനും, എന്നെന്നും ജീവിച്ചിരിക്കു ന്നവനുമാണ്.

2) അവൻ തന്റെ അടിയാൻമാരുടെ - അവന്റെ അടിയാൻമാരല്ലാതെ ഒരാളും ഇല്ലതാനും-പ്രവർത്തനങ്ങളെക്കുറിച്ച് സസൂക്ഷ്മം അറിയുന്നവനാണ്. അഥവാ, അതിനെപ്പറ്റി വേണ്ടുന്ന നടപടികൾ എടുക്കുവാൻ മറ്റാരുടെയെങ്കിലും തെളിവോ, സഹായമോ, മാദ്ധ്യസ്ഥമോ, ഇടപെടലോ ഒന്നും തന്നെ അവന് ആവശ്യമില്ല.

3) ആകാശഭൂമികളടക്കമുള്ള സകല വസ്തുവിന്റെയും സ്രഷ്ടാവും സിംഹാസനാധിപതിയും അവനാണ്. എന്നിരിക്കെ മറ്റാരിലും ഭരമേൽപിക്കുന്നതിൽ യാതൊരു പ്രയോജനവുമില്ല.

അവൻ അർശിൽ ആരോഹണം ചെയ്തു (اسْتَوَىٰ عَلَى الْعَرْشِ) എന്ന് പറഞ്ഞതിനെ സംബന്ധിച്ച് സൂ: ത്വാഹാ 5-ന്റെ വിവരണത്തിൽ നാം പ്രസ്താവിച്ചിട്ടുണ്ട്. ആറ് ദിവസങ്ങളിലാണ് ആകാശഭൂമികളെ സൃഷ്ടിച്ചതെന്ന് ക്വുർആൻ ഒന്നിലധികം സ്ഥലത്ത്

പ്രസ്താവിച്ചിരിക്കുന്നു. ഒരു രാവും പകലും ചേർന്ന 24 മണിക്കൂർ സമയത്തിനാണ് നാം സാധാരണ 'ദിവസം' (يوم) എന്ന് പറയുന്നത്. തികച്ചും, ഈ അർത്ഥത്തിലുള്ള ദിവസങ്ങൾ, ആകാശ ഭൂമികളെ സൃഷ്ടിക്കുകയും, നിലവിലുള്ള ഈ വ്യവസ്ഥിതി നൽകിക്കഴിയുകയും ചെയ്യുന്നതിന് മുമ്പ് ഉണ്ടായിരിക്കയില്ലല്ലോ, നിങ്ങൾ എണ്ണിവരുന്ന ആയിരം കൊല്ലത്തിന് സമമാണ് നിന്റെ റബ്ബിന്റെ അടുക്കൽ ഒരു ദിവസം (وَإِنَّ يَوْمًا عِندَ رَبِّكَ كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ) എന്ന് സൂ: ഹജ്ജിൽ പറയുന്നു. (ഇതിന്റെ വിവരണം അവിടെ നോക്കുക). അന്ത്യനാളിനെക്കുറിച്ച് അമ്പതിനായിരം കൊല്ലത്തെ അളവിലുള്ള ഒരു ദിവസം (فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ -المعارج)എന്ന് ഒരിടത്ത് ക്വുർആൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതേ നാളിനെ ഉദ്ദേശിച്ച് അന്ത്യദിനം (الْيَوْمَ الآخِرَ) എന്ന് പറയുന്നു. ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം തന്നെ, അല്ലാഹുവിന്റെ നിശ്ചയത്തിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാണ് (إِنَّ عِدَّةَ الشُّهُورِ عِندَ اللَّهِ اثْنَا عَشَرَ شَهْرًا الخ - التوبة) എന്നും ക്വുർആൻ പറയുന്നു.

അപ്പോൾ 24 മണിക്കൂർ സമയം എന്നോ, നമ്മുടെ രാവും പകലും ചേർന്ന സമയമെന്നോ ഉള്ള അർത്ഥത്തിലല്ല ഇവിടെ ആറ് ദിവസങ്ങൾ (سِتَّةِ أَيَّامٍ) എന്ന് പ്രസ്താവിച്ചതെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്. ആകാശഭൂമികളുടെ ഉല്പത്തിയെക്കുറിച്ച് ശാസ്ത്രത്തിന്റെ അഭിപ്രായങ്ങൾ നോക്കുമ്പോൾ, ലക്ഷക്കണക്കിലോ, കോടിക്കണക്കിലോ ഉള്ള കാലംകൊണ്ടാണവ ഇന്നത്തെ നിലയിൽ വന്നിട്ടുള്ളതെന്ന് കാണുന്നു. ഈ നീണ്ട കാലഘട്ടങ്ങളിൽ, വ്യത്യസ്തങ്ങളായ ആറു ഉപകാലഘട്ടങ്ങൾ കഴിഞ്ഞിട്ടുണ്ടെന്നും ശാസ്ത്രജ്ഞൻമാർക്കഭിപ്രായമുണ്ട്. ശാസ്ത്രീയാഭിപ്രായങ്ങൾ ഒരിക്കലും മാറാത്ത ഉറച്ച അഭിപ്രായങ്ങളല്ല. എങ്കിലും പ്രസ്തുത അഭിപ്രായങ്ങൾ ക്വുർആൻ ആവർത്തിച്ചു ചെയ്തിട്ടുള്ള ഈ പ്രസ്താവനക്ക് വിരുദ്ധമാകുന്നില്ല എന്ന് മാത്രം. അല്ലാഹു അത്കൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ളതെന്താണെന്ന് സൂക്ഷ്മമായി പറയുവാൻ നമുക്ക് സാധ്യമല്ല.

59-ാം വചനത്തിന്റെ അന്ത്യത്തിൽ സൂക്ഷ്മജ്ഞാനിയായ ഒരുവനോട് അതിനെപ്പറ്റി നീ ചോദിച്ചുകൊള്ളുക (فَاسْأَلْ بِهِ خَبِيرًا) എന്നുള്ള വാക്യം വളരെ ശ്രദ്ധാർഹവും അർത്ഥവത്തും ആകുന്നു. കൂടുതൽ വിവരമുള്ള വല്ല മനുഷ്യനോടും ചോദിച്ചറിയുവാനുള്ള ഒരാഹ്വാനമല്ല ഇത്. ആകാശഭൂമികളുടെ സൃഷ്ടിയെക്കുറിച്ചും, അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തെക്കുറിച്ചും സൂക്ഷ്മമായി അറിയുന്നവൻ, അവൻ ഒരുവൻ മാത്രമാണുള്ളതെന്നും, അതിനെപ്പറ്റി ശരിക്ക് ശരിയും സസൂക്ഷ്മവുമായ അറിവ് അവനിൽനിന്നല്ലാതെ അന്വേഷിച്ചിട്ടു ഫലമില്ലെന്നുമാണ് ആ വാക്യത്തിന്റെ താൽപര്യം. അപ്പോൾ, സത്യവിശ്വാസിയായ എതൊരുവനും, ക്വുർആന്റെ വ്യക്തമായ പ്രസ്താവനയോട് ഒപ്പിച്ചുകൊണ്ട് ആ സിദ്ധാന്തത്തിന് വ്യാഖ്യാനം നൽകുകയല്ലാതെ, അതിനൊപ്പിച്ചു ക്വുർആനെ വ്യാഖ്യാനിക്കുന്നത് ന്യായവും യുക്തവുമല്ല. ക്വുർആന്റെ വാക്യങ്ങൾ സ്പഷ്ടമായി കാട്ടിത്തരുന്ന പരിധി തെറ്റാതെ, കൂടുതൽ അറിവിനായി പരിശ്രമിക്കുകയും 'റബ്ബേ എനിക്ക് അറിവ് വർദ്ധിപ്പിച്ചു തരേണമേ' ! (رَّبِّ زِدْنِي عِلْمًا) എന്ന് നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

ആകാശഭൂമികളുടെയും, അവയിലുള്ള സർവ്വവസ്തുക്കളുടെയും സ്രഷ്ടാവും, സിംഹാസനാധിപതിയുമാണ് അല്ലാഹു എന്നിരിക്കുമ്പോൾ, അവൻ അവയുടെ സർവ്വാധിപതിയും ഏകാധിപതിയുമായിരിക്കുക സ്വാഭാവികമാണ്. അതേ സമയത്ത് അവൻ പരമകാരുണികനും (الرَّحْمَٰنُ) ആകുന്നുവെന്ന് ഉണർത്തുന്നു. പാപികളായുള്ളവർക്ക്

പശ്ചാത്തപിച്ചു മടങ്ങുവാനും, പുണ്യവാൻമാർക്ക് കൂടുതൽ ആവേശവും, പ്രോത്സാഹനവും വർദ്ധിക്കുവാനും വേണ്ടിയാണത്. എന്നാൽ, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇതിലും ഒരു ആശയക്കുഴപ്പം! അതാണ് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്.

وَإِذَا قِيلَ لَهُمُ ٱسْجُدُوا۟ لِلرَّحْمَٰنِ قَالُوا۟ وَمَا ٱلرَّحْمَٰنُ أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا ۩ ﴿٦٠﴾ سجود

﴾60﴿ നിങ്ങൾ റഹ്മാന്ന് (പരമകാരുണികനായുള്ളവന്ന്) സുജൂദ് (വണക്കം) ചെയ്യുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: എന്താണ് റഹ്മാൻ?! നീ ഞങ്ങളോട് കൽപിക്കുന്നതിന് ഞങ്ങൾ സുജൂദ് ചെയ്യുകയോ?! അത് [ആ വാക്ക്] അവർക്ക് വെറുപ്പ് അധികരിപ്പിക്കുകയും ചെയ്യുന്നതാണ്.

﴾60﴿ وَإِذَاقِيلَ പറയപ്പെട്ടാൽ لَهُمُ അവരോട് اسْجُدُوا നിങ്ങൾ സുജൂദ് (വണക്കം, സാഷ്ടാംഗ നമസ്കാരം)ചെയ്യുവിൻ, തലകുനിക്കുവിൻ لِلرَّحْمَٰنِ റഹ്മാന്ന് (പരമകാരുണികന്) قَالُوا അവർ പറയും, പറയുന്നു وَمَاالرَّحْمَٰنُ എന്താണ് റഹ്മാൻ, ഏതാണ് പരമകാരുണികൻ أَنَسْجُدُ ഞങ്ങൾ സുജൂദ് ചെയ്കയോ لِمَاتَأْمُرُنَا നീ ഞങ്ങളോട് കൽപിക്കുന്നതിന് وَزَادَهُمْ അതവർക്ക് വർദ്ധിപ്പിക്കുകയും ചെയ്യും نُفُورًا വെറുപ്പ്, അറപ്പ്, മിരട്ട്

ഈ ആയത്ത് ഓതിയാൽ ഓത്തിന്റെ സുജൂദ് ചെയ്യേണ്ടതാകുന്നു.

അല്ലാഹുവിന്റെ മഹൽഗുണങ്ങളെ വിശേഷിപ്പിക്കുന്ന പല തിരുനാമങ്ങളിൽ ഒന്നാണ് റഹ്മാൻ (الرَّحْمَن) എന്ന നാമവും. അല്ലാഹു (الله) എന്ന നാമത്തെക്കഴിച്ചാൽ ഇതിനാണ് ക്വുർആനിൽ മറ്റേതിനെക്കാളും പ്രാധാന്യം കൽപിച്ചു കാണുന്നത്. അവന്റെ അപാരമായ കൃപാകടാക്ഷത്തെയും അതിയായ ദയാശീലത്തെയും അത് ദ്യോതിപ്പിക്കുന്നു. പരമകാരുണികൻ എന്നാണല്ലോ അതിന്റെ അർത്ഥം. എല്ലാവരും അല്ലാഹുവിന്റെ കാരുണ്യത്തിൽ ആവേശവും മോഹവും ഉള്ളവരായിരിക്കണമെന്നും, ഏത് മഹാപാപിയായിരുന്നാലും അവൻ പശ്ചാത്തപിക്കുന്ന പക്ഷം, നിരാശപ്പെടേണ്ടതില്ലെന്നും ഓർമിപ്പിക്കുവാനാണ് ഇതുപോലെയുള്ള പല സന്ദർഭങ്ങളിലും - സ്വതന്ത്രനാമമായിക്കൊണ്ടും, അല്ലാഹു എന്ന നാമത്തിന്റെ വിശേഷണമായിക്കൊണ്ടും - റഹ്മാൻ എന്ന് ഉപയോഗിക്കപ്പെടുന്നത്.

അറബികളെ സംബന്ധിച്ചിടത്തോളം, അവർക്ക് ഈ നാമത്തിന്റെ അർത്ഥം അറിയാമെങ്കിലും, അല്ലാഹുവിന്റെ നാമമായി അതിനെ ഉപയോഗിക്കുന്നത് അവർക്ക്

സുപരിചിതമല്ലായിരുന്നു. അതുകൊണ്ടാണ് 'റഹ്മാന്ന് സുജൂദ് ചെയ്യുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ അവർ എന്താണ് 'റഹ്മാൻ' എന്ന് ചോദിക്കുവാൻ കാരണമെന്നത്രെ പല ക്വുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ഹുദൈബിയ്യായിലെ സന്ധിപത്രത്തിന്റെ ആരംഭത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നെഴുതുവാൻ നബിﷺ എഴുത്തുകാരനോട് പറഞ്ഞുകൊടുത്തപ്പോൾ, ക്വുറൈശികൾ അതിന് വിസമ്മതിക്കുകയുണ്ടായി. അവർ പറഞ്ഞു: ഞങ്ങൾക്ക് റഹ്മാനും റഹീമും പരിചയമില്ല, (പഴയ പതിവനനുസരിച്ച്) മുമ്പ് എഴുതാറുള്ളത്പോലെ ബിസ്മികല്ലാഹുമ്മ (**باسمك اللهم** അല്ലാഹുവേ നിന്റെ നാമത്തിൽ) എന്നെഴുതണം. ഇതേ കാരണത്താൽ - ഈ പേർ അല്ലാഹുവിന് ഉപയോഗിക്കുക പതിവില്ലായ്മ-തന്നെയാണ് ഇവിടെയും അവർ റഹ്മാൻ എന്താണ് എന്ന് ചോദിച്ചതെന്ന് ഇബ്നു കഥീറും(റ) പ്രസ്താവിച്ചിരിക്കുന്നു.

മൂസാ നബി(അ)യോട് ഫിർഔൻ 'എന്താണ് ലോകരക്ഷിതാവ് ?!' (وَمَا رَبُّ الْعَالَمِينَ) എന്ന് ചോദിക്കുകയുണ്ടായത് പോലെ, അഹങ്കാരപൂർവ്വം മുശ്രിക്കുകൾ ചോദിച്ചതാണ് ഇതെന്ന് വേറൊരു കൂട്ടർ അഭിപ്രായപ്പെടുന്നു. മറ്റു ചിലർ പറയുന്നതിങ്ങിനെയാകുന്നു: 'അല്ലാഹുവിനെ ഒരു ക്രൂരനും കഠിനനുമായിട്ടല്ലാതെ, കാരുണ്യവാനായും ദയാലുവായും പൗരാണികജനങ്ങൾ മനസ്സിലാക്കിയിരുന്നില്ല. പരമകാരുണികൻ എന്നർത്ഥമായ 'റഹ്മാൻ' എന്ന പേർ കേട്ടപ്പോൾ അവർക്കത് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. അതാണ് ഈ ചോദ്യത്തിന് കാരണം.' പക്ഷേ, താഴെ ഉദ്ധരിക്കുന്ന ക്വുർആൻ വചനത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഒന്നാമത്തെ അഭിപ്രായമാണ് ഈ മൂന്നിൽവെച്ച് സ്വീകാര്യമായതെന്ന് കാണാം. സൂ: ബനുഇസ്റാഈലിൽ അല്ലാഹു പറയുന്നു:

قُلِ ادْعُوا اللَّهَ أَوِ ادْعُوا الرَّحْمَٰنَ أَيًّا مَا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَىٰ –بنوا اسرائيل

(പറയുക: നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചേക്കുക, അല്ലെങ്കിൽ 'റഹ്മാൻ' എന്ന് വിളിച്ചേക്കുക ഏത്തന്നെ നിങ്ങൾ വിളിക്കുന്നതായാലും അവന് അത്യുത്തമമായ നാമങ്ങളുണ്ട്) പ്രത്യുത നാമങ്ങളിൽ ഏതും ഉപയോഗിക്കുന്നതിന് വിരോധമില്ലെന്ന് സാരം.

വിഭാഗം - 6

تَبَارَكَ ٱلَّذِى جَعَلَ فِى ٱلسَّمَآءِ بُرُوجًا وَجَعَلَ فِيهَا سِرَٰجًا وَقَمَرًا مُّنِيرًا ﴿٦١﴾

﴿61﴾ **ആകാശത്തിൽ ഗ്രഹമണ്ഡലങ്ങൾ (അഥവാ രാശി മണ്ഡലങ്ങൾ) ഉണ്ടാക്കിയിട്ടുള്ളവൻ നൻമയേറിയവനാകുന്നു, അതിൽ ഒരു ദീപവും, പ്രകാശം നൽകുന്ന ഒരു ചന്ദ്രനും അവൻ ഉണ്ടാക്കിയിരിക്കുന്നു.**

وَهُوَ ٱلَّذِى جَعَلَ ٱلَّيْلَ وَٱلنَّهَارَ خِلْفَةً لِّمَنْ أَرَادَ أَن يَذَّكَّرَ أَوْ أَرَادَ

﴿62﴾ **അവൻതന്നെയാണ് - ആലോചിച്ചു നോക്കുവാൻ ഉദ്ദേശിക്കുകയോ, അല്ലെങ്കിൽ നന്ദിചെയ്വാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നവർക്ക് വേണ്ടി -രാവിനെയും, പകലിനെയും**

മാറിവന്നുകൊണ്ടിരിക്കുന്നതാക്കിയവനും. شُكُورًا ﴿٦٢﴾

﴾61﴿ تَبَارَكَ നന്മയേറിയവനാകുന്നു, മഹത്വമേറിയവനാകുന്നു الَّذِي جَعَلَ ആക്കിയിട്ടുള്ളവൻ فِي السَّمَاءِ ആകാശത്തിൽ, بُرُوجًا രാശികളെ, ഗ്രഹമണ്ഡലങ്ങളെ وَجَعَلَ അവൻ ആക്കുകയും ചെയ്തു, ഉണ്ടാക്കുകയും ചെയ്തു فِيهَا അതിൽ سِرَاجًا ഒരു വിളക്ക്, ദീപം وَقَمَرًا ഒരു ചന്ദ്രനെയും مُنِيرًا പ്രകാശിക്കുന്ന, പ്രകാശമുള്ളതായ ﴾62﴿ وَهُوَ الَّذِي അവൻതന്നെയാണ് യാതൊരുവനും جَعَلَ اللَّيْلَ അവൻ രാത്രിയെ ആക്കി وَالنَّهَارَ പകലിനെയും خِلْفَةً മാറിവരുന്നത് لِمَنْ أَرَادَ ഉദ്ദേശിക്കുന്നവന് വേണ്ടി أَنْ يَذَّكَّرَ ഉറ്റാലോചിക്കുവാൻ أَوْ أَرَادَ അല്ലെങ്കിൽ ഉദ്ദേശിക്കുന്ന شُكُورًا നന്ദി ചെയ്‌വാൻ, കൃതജ്ഞത കാണിക്കാൻ.

ദീപം (سِرَاجًا) എന്ന് പറഞ്ഞത് സൂര്യനെ ഉദ്ദേശിച്ചാകുന്നു. സൂര്യൻ അതിന്റെ ഉപഗ്രഹമായ ഭൂമിക്കും, ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനും വെളിച്ചം നൽകുന്നതും, സ്വയം പ്രകാശിക്കുന്നതുമാകകൊണ്ട് അതിനെ ദീപം എന്ന് വിശേഷിപ്പിച്ചതാവാം. സൂര്യപ്രകാശം ഏൽക്കാതിരിക്കുന്ന പക്ഷം ഭൂമിയും, ചന്ദ്രനും ഇരുളടഞ്ഞതാകുമായിരുന്നു. സൂര്യനിൽ നിന്ന് ചന്ദ്രനിൽ പതിക്കുന്ന പ്രകാശം ഭൂമിയിലേക്ക് തിരിച്ചടിക്കുന്നതാണ് നിലാവെളിച്ചം. സ്വയം പ്രകാശിതങ്ങളായ ഗോളങ്ങൾക്കെല്ലാംതന്നെ ശംസുകൾ (الشموس) സൂര്യന്മാർ എന്നും, ചന്ദ്രനെപ്പോലുള്ള ഉപഗ്രഹങ്ങൾക്ക് ഖമറുകൾ (الاقمار) എന്നും അറബിയിൽ പറയാറുണ്ട്. ഗ്രഹമണ്ഡലങ്ങൾ എന്നും രാശിമണ്ഡലങ്ങൾ എന്നും അർത്ഥം കൽപിച്ചത് ബുറൂജ് (بروجا) എന്ന വാക്കിനാണ്. ഏകവചനം ബുർജ് (برج) എന്നത്രെ. ഇതിന് കൊത്തളം, ഉന്നതമായ മാളിക എന്നൊക്കെയാണ് ഭാഷാർത്ഥം. വലിയ ഗ്രഹമണ്ഡലങ്ങൾക്കും, സപ്തഗ്രഹങ്ങളുടെ സഞ്ചാരമാർഗങ്ങളായ പന്ത്രണ്ട് രാശിമണ്ഡലങ്ങൾക്കും ഈ വാക്ക് ഉപയോഗിക്കാറുണ്ട്.

വമ്പിച്ച നക്ഷത്രഗോളങ്ങളായി ആകാശത്തിൽ ഏറെക്കുറെ 1000 എണ്ണമാണുള്ളതെന്നത്രെ മുൻകാലത്ത് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിരുന്നത്. ഇന്നാകട്ടെ, പരിഷ്കരിച്ച ടെലസ്കോപ്പ് (ദൂരദർശിനി)കളുടെ സഹായത്താൽ രണ്ട് കോടിയിലധികം മഹാനക്ഷത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. എനിയും, പുതിയ നിരീക്ഷണങ്ങൾ അവയുടെ എണ്ണം വർദ്ധിപ്പിച്ചു പ്രസ്താവിച്ചുകൊണ്ടിരിക്കും. നിരീക്ഷണമാർഗങ്ങളും, നിരീക്ഷണസാമഗ്രികളും എത്ര പുരോഗമിച്ചാലും , അവയുടെ ഏറ്റവും സൂക്ഷ്മമായ വിവരവും, കൃത്യമായ എണ്ണ വണ്ണവും അവയുടെ സ്രഷ്ടാവായ സർവ്വജ്ഞന് മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ.

സപ്തഗ്രഹങ്ങൾ, സൂര്യചന്ദ്രൻമാർ, രാപ്പകലുകൾ എന്നിവയെ സംബന്ധിച്ച് സൂറത്തുൽ അൻബിയാഇ് 33-ാം വചനത്തിന്റെ വിവരണത്തിൽ നാം പലതും വിശദീകരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതലൊന്നും പറയേണ്ടതില്ല. രാശിമണ്ഡലങ്ങൾ മാസത്തിന് ഒന്നുവീതം 12 രാശികളായി കണക്കാക്കപ്പെട്ടിരിക്കുന്നു. മേടം തുടങ്ങി മീനം വരെയുള്ള 12 മലയാള മാസപ്പേരുകൾ അതത് മാസത്തിലെ രാശിനാമങ്ങൾ കൂടിയാകുന്നു. *(*)* ഓരോ രാശിമാർഗത്തിലൂടെയും സൂര്യൻ സഞ്ചരിക്കുന്ന കാലത്തിനാണ് സൂര്യമാസങ്ങൾ എന്ന് പറയുന്നത്. ഓരോന്നിനും സഞ്ചരിക്കുന്ന കാലയളവിൽ അൽപം

ഏറ്റക്കുറവുള്ളതുകൊണ്ടാണ് ചില മാസങ്ങളിൽ ദിവസങ്ങൾ ഏറിയും കുറഞ്ഞും വരുന്നത്.

രാവോ പകലോ സ്ഥിരമായി നില്ക്കാതെ ഒന്നിന് ശേഷം ഒന്നായി വന്നും പോയും കൊണ്ടിരിക്കുന്നതിനാലാണ് അവയെപ്പറ്റി മാറിമാറി വരുന്നത് (**خلفة**) എന്ന് പ്രസ്താവിച്ചത്. ഈ മാറ്റങ്ങളും, അതിന് കാരണമാകുന്ന ഗോളചലനങ്ങളുടെ നിയന്ത്രണവും, ചിന്തിക്കുന്നവർക്ക് ചിന്തിക്കുവാൻ ധാരാളം വക നൽകുന്നു. അത്‌വഴി അല്ലാഹുവിന്റെ സൃഷ്ടിവൈഭവവും, നിത്യാനുഗ്രഹങ്ങളും, ഓർക്കുവാനും, അവനോട് നന്ദിയുള്ളവരായിരിക്കുവാനും അവസരം ലഭിക്കുകയും ചെയ്യുന്നു. ചിന്തിക്കുവാൻ തയ്യാറില്ലാത്തവന്റെയും, നന്ദികെട്ടവന്റെയും കൺമുമ്പിൽ എന്ത്തന്നെ കണ്ടാലും, അവനിൽ അത് യാതൊരു കോളിളക്കവും ഉണ്ടാക്കുന്നതല്ലല്ലോ. അവൻ രാത്രി ഉറങ്ങുവാനും, പകൽ ദേഹേച്ഛകൾ നിറവേറ്റുവാനും ഉപയോഗപ്പെടുത്തുമെന്നുമാത്രം. വീണ്ടുവിചാരവും ഉപകാര സ്മരണയുമുള്ള ഭാഗ്യവാൻമാരാകട്ടെ, രാപ്പകലുകളിൽ ഓരോന്നിനെയും -അതതിന്റെ സ്വഭാവവിശേഷത കണക്കിലെടുത്തുകൊണ്ട് - ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കും. പകൽ ചെയ്തുപോയ തെറ്റിനെപ്പറ്റി രാത്രിയിലും, രാത്രിയിൽ വന്നുപോയ കുറ്റത്തെപ്പറ്റി പകലിലും അവന് വീണ്ടുവിചാരവും ഖേദവും വരുന്നു. അതത് സമയത്തിനനുയോജ്യമായ സൽപ്രവൃത്തികളും അവൻ ചെയ്യുന്നു. അങ്ങിനെ രാവും പകലും അവന് ഗുണകരമായി അവൻ ഉപയോഗപ്പെടുത്തും. والله الموفق

നബിﷺ അരുളിച്ചെയ്ത ഒരു ഹദീഥ് ഇവിടെ ഓർമിക്കുന്നത് സന്ദർ ഭോചിതമായിരിക്കും. അവിടുന്നു പറയുന്നു:

ان الله يبسط يده بالليل ليتوب مسيئ النهار ويبسط يده بالنهار ليتوب مسيئ الليل حتى تطلع الشمس من مغربها - رواه مسلم

സാരം: പകലിൽ തിന്മചെയ്തവൻ ഖേദിച്ചു മടങ്ങുന്നത് സ്വീകരിക്കുവാനായി അല്ലാഹു രാത്രിയിൽ അവന്റെ കൈനീട്ടുന്നു; രാത്രിയിൽ തിൻമ ചെയ്തവൻ പശ്ചാത്തപിക്കുന്നത് സ്വീകരിക്കുവാനായി അവൻ പകലിലും കൈനീട്ടുന്നു. (ലോകാവസാനത്തിങ്കൽവെച്ച്) സൂര്യൻ പടിഞ്ഞാറ് ഉദയം ചെയ്യുന്ന കാലംവരെ ഇതുണ്ടാകും.

(മു) അവിശ്വാസികളും, കൃതഘ്നരുമായ ജനങ്ങളുടെ പല സ്ഥിതിഗതികൾ വിവരിച്ചു കഴിഞ്ഞ ശേഷം, അല്ലാഹുവിൽ ശരിക്ക് വിശ്വസിക്കുന്ന സജ്ജനങ്ങളുടെ ചില സവിശേഷഗുണങ്ങളാണ് തുടർന്നുള്ള വചനങ്ങളിൽ പ്രസ്താവിക്കുന്നത്.

وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ

63 റഹ്മാനായുള്ളവന്റെ [പരമ കാരുണികന്റെ] അടിയാൻമാർ, ഭൂമിയിൽ വിനയത്തോടെ നടക്കുന്നവ രത്രെ. അറിവില്ലാത്തവർ അവരെ

(*) അറബിയിൽ പന്ത്രണ്ട് രാശികളുടെ പേരുകൾ ക്രമപ്രകാരം ഇവയാകുന്നു:

الحمل، الثور، الجوزاء، السرطان، الاسد، السنبلة، الميزان، العقرب، القوس، الجدى، الدلو، الحوت

ٱلْجَـٰهِلُونَ قَالُوا۟ سَلَـٰمًا ﴿٦٣﴾

അഭിമുഖീകരിക്കുന്നതായാൽ, അവർ സമാധാനപരമായത് പറയുന്നതാണ്.

﴾63﴿ وَعِبَادُالرَّحْمَنِ റഹ്മാന്റെ അടിയാൻമാർ الَّذِينَ യാതൊരു കൂട്ടരാകുന്നു يَمْشُونَ അവർ നടക്കും عَلَى الأَرْضِ ഭൂമിയിൽ هَوْنًا വിനയത്തോടെ, എളിയ നിലയിൽ وَإِذَا خَاطَبَهُمُ അവരെ അഭിമുഖീകരിച്ചാൽ, അവരോട് നേരിട്ടാൽ الْجَاهِلُونَ അജ്ഞൻമാർ, മൂഢന്മാർ, അറിവില്ലാത്തവർ قَالُوا അവർ പറയും سَلامًا സമാധാനമായത്, സമാധാനവാക്ക്, സലാം എന്ന്.

റഹ്മാന്റെ അടിയാന്മാർ എന്ന് വിശേഷിപ്പിച്ചത് തന്നെ ഈ ഭാഗ്യവാൻമാരുടെ ശ്രേഷ്ഠതക്ക് മകുടം ചാർത്തുന്നു. ഇവർ പിശാചിന്റെയോ, ദേഹേച്ഛയുടെയോ, ഐഹിക സുഖത്തിന്റെയോ, പരദൈവങ്ങളുടെയോ അടിമകളാകാതെ, പരമകാരുണികന്റെ സാമീപ്യത്തിനും അപാരമായ കരുണക്കും പാത്രവാൻമാരായിട്ടുള്ളവരാണെന്ന് ആ പേർതന്നെ സൂചിപ്പിക്കുന്നു. ഇവരുടെ ലക്ഷണങ്ങളായി ഒമ്പത് സൽഗുണങ്ങൾ അല്ലാഹു ഇവിടെ എടുത്തുപറയുന്നത് കാണാം:

1-ാമത്: അവർ ഭൂമിയിൽകൂടി നടക്കുന്നത് വിനയത്തോടെയായിരിക്കും. അടക്കത്തോടും ഒതുക്കത്തോടും കൂടി, അനാവശ്യത്തിലും, അക്രമത്തിലും പങ്കെടുക്കാതെ, വിനോദങ്ങളിൽ മുഴുകാതെ, അഹംഭാവമോ, പത്രാസോ കൂടാതെ വളരെ പാകതയുള്ളവരായിട്ടാണ് അവർ ഭൂമുഖത്ത് കഴിഞ്ഞുകൂടുക. അഥവാ - ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടത്പോലെ - അറിവും, സഹനവും, ഒതുക്കവും, മാന്യതയും ഉള്ളവരായിരിക്കും. മന്ദംമന്ദം നടന്നുപോകണമെന്നല്ല, ആയത്തിന്റെ താൽപര്യം. നബി തിരുമേനിﷺയുടെ നടത്തത്തെക്കുറിച്ച് വിവരിക്കുന്ന ഹദീഥുകളിൽ, അവിടുന്ന് വേഗം കാലടികൾ പൊക്കിയെടുത്ത് നടക്കുകയും, ഒരു കുന്നിൻചരുവിൽ കൂടി ഇറങ്ങിവരുന്ന പ്രകാരം (എളുപ്പത്തിൽ) നടക്കുകയും പതിവായിരുന്നുവെന്ന് കാണാം.

2-ാമത്: അജ്ഞൻമാരായ - കാര്യവിവരമില്ലത്ത - ആളുകൾ അവരുമായി അഭിമുഖീകരിക്കുമ്പോൾ അവർ സമാധാനപരമായ വാക്കുകൾ ഉപയോഗിക്കും. അവർ ഇങ്ങോട്ട് ഉപയോഗിക്കുന്നതരത്തിലുള്ള വിഡ്ഢിത്തങ്ങളോ, മര്യാദകെട്ട വാക്കുകളോ അങ്ങോട്ട് പറയാതെ, വിട്ടുവീഴ്ചയും നല്ലവാക്കും ഉപയോഗിക്കും എന്നർത്ഥം. ഈ രണ്ട് ഗുണങ്ങളിൽ നിന്ന് ഇവരുടെ സ്വഭാവ ഗുണം പൊതുവിലും, ജനങ്ങളുമായുള്ള പെരുമാറ്റ ക്രമം വിശേഷിച്ചും മനസ്സിലാക്കാമല്ലോ. എന്നാൽ, അല്ലാഹുവുമായുള്ള കാര്യങ്ങളിൽ ഇവരുടെ നിലപാട് എന്തായിരിക്കുമെന്ന് നോക്കുക:

وَٱلَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَـٰمًا ﴿٦٤﴾

﴾64﴿ തങ്ങളുടെ രക്ഷിതാവിന് സുജൂദ് [സാഷ്ടാംഗ നമസ്കാരം] ചെയ്യുന്നവരും, നിന്ന് നമസ്കരിക്കുന്നവരുമായികൊണ്ട് രാക്കഴിച്ചുകൂട്ടുന്നവരുമാകുന്നു.

وَٱلَّذِينَ يَقُولُونَ رَبَّنَا ٱصْرِفْ عَنَّا

﴾65﴿ (ഇപ്രകാരം) പറയാറുള്ളവരുമാണ്: ഞങ്ങളുടെ റബ്ബേ, നരക

عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾

ശിക്ഷ ഞങ്ങളിൽ നിന്ന് ഒഴിവാക്കി ത്തരേണമേ! നിശ്ചയമായും അതിന്റെ ശിക്ഷ ഒരു തീരാനഷ്ടമാകുന്നു:

إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾

《66》 നിശ്ചയമായും അത് [നരകം] വളരെ ചീത്തയായ താവ ളവും പാർപ്പിടവും തന്നെയാണ്!

《64》 وَالَّذِينَ يَبِيتُونَ രാക്കഴിക്കുന്നവരുമാണ് لِرَبِّهِمْ തങ്ങളുടെ റബ്ബിന് سُجَّدًا സുജൂദ് (സാഷ്ടാംഗ നമസ്കാരം) ചെയ്യുന്നവരായും وَقِيَامًا നിൽക്കുന്നവരായും(നിന്ന് നമസ്കരിക്കുന്നവരായും) 《65》 وَالَّذِينَ يَقُولُونَ പറയുന്നവരുമാകുന്നു رَبَّنَا ഞങ്ങളുടെ റബ്ബ് اصْرِفْ നീ തിരിച്ചുകളയണേ, അകറ്റേണമേ, ഒഴിവാക്കിത്തരേണമേ عَنَّا ഞങ്ങളിൽ നിന്ന് عَذَابَ جَهَنَّمَ നരകശിക്ഷയെ إِنَّ عَذَابَهَا നിശ്ചയമായും അതിന്റെ ശിക്ഷ كَانَ ആകുന്നു, ആയിരിക്കുന്നു غَرَامًا ഒഴിയാനഷ്ടം, തീരാനഷ്ടം, വേറിടാത്തത്, ഭാരപ്പെട്ടത് 《66》 إِنَّهَا നിശ്ചയമായും അത് سَاءَتْ വളരെ ചീത്തയാണ്, വളരെ മോശപ്പെട്ടതാണ് مُسْتَقَرًّا താവളം, ഭവനം وَمُقَامًا പാർപ്പിടവും, താമസസ്ഥലവും

സുജൂദും, നിറുത്തവും നമസ്കാരകർമത്തിലെ രണ്ട് പ്രധാന ഭാഗങ്ങളാകുന്നു. സുജൂദ് ഇതര ആരാധനാകർമങ്ങളിൽവെച്ച് കൂടുതൽ ഭക്തിപ്രകടമാകുന്നതും, കൂടുതൽ പ്രധാനപ്പെട്ടതുമത്രെ. രാത്രിയിൽ വളരെയേറെ സമയം ഇവർ നമസ്കാര കർമത്തിലായി ചിലവാക്കുമെന്ന് സാരം. രാത്രി നമസ്കാരത്തെപ്പറ്റി ക്വുർആനിലും ഹദീഥിലും ധാരാളം പ്രോത്സാഹിപ്പിച്ചിട്ടുള്ളതാണ്. നബിﷺ ചിലപ്പോൾ, കാലുകളിൽ നീർകെട്ടുമാറ് ദീർഘസമയം രാത്രിനമസ്കാരത്തിൽ മുഴുകിയിരുന്നുവെന്നത് പരക്കെ അറിയപ്പെട്ടതാണല്ലോ. അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്യുകയും ചെയ്തിരിക്കുന്നു: നിർബന്ധ നമസ്കാരങ്ങളെ കഴിച്ചാൽ പിന്നെ, നമസ്കാരത്തിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായത് രാത്രിക്കുള്ളിൽ ചെയ്യുന്ന നമസ്കാരമാകുന്നു. (افضل الصلوة بعد المفروضة صلوة فى جوف الليل - رواه احمد) സ്വർഗസ്ഥരായ സജ്ജനങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്ന മദ്ധ്യേ ക്വുർആനിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു:രാത്രിയിൽ അവർ ഉറങ്ങുന്നത് കുറവായിരുന്നു.നിശാന്ത്യസമയങ്ങളിൽ(പാതിരക്കും പ്രഭാതത്തിനും ഇടക്കുവെച്ച്) അവർ പാപമോചനം തേടുകയും ചെയ്തിരുന്നു.(كَانُوا قَلِيلاً مِنَ اللَّيْلِ مَا يَهْجَعُون وَبِالأَسحارِ هُمْ يَسْتَغْفِرُونَ)

റഹ്മാന്റെ അടിയാൻമാർ, ജനങ്ങളുമായി നന്നായി പെരുമാറുന്നവരും, വിനയശീലൻമാരും, അല്ലാഹുവിന്റെ ആരാധനയിലും സ്മരണയിലും മുഴുകിയവരും തന്നെ. എങ്കിലും, അതേ സമയത്ത് അവർ അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് സദാ ഭയപ്പാടുള്ളവരുമാകുന്നു. അതുകൊണ്ട് അവർ എപ്പോഴും നരകശിക്ഷയിൽ നിന്ന് ഒഴിവാക്കേണമേ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. വെറുതെ ഈ വാക്കുകൾ

ഉരുവിട്ടു പറയുകയല്ല. നരകശിക്ഷയുടെ കാഠിന്യവും, അത് അനുഭവപ്പെടുന്ന പക്ഷം ഉണ്ടാകുന്ന തീരാനഷ്ടവും മനസ്സിലാക്കിക്കൊണ്ടും ഓർത്തുകൊണ്ടും തന്നെയാണവരുടെ പ്രാർത്ഥന.

ഇവരുടെ 3-ാമതും, 4-ാമതും ഗുണങ്ങളാണ് ഈ രണ്ടു വചനങ്ങളിൽ നാം കണ്ടത്, 5-ാമത് ഗുണം ധനപരമായ കാര്യങ്ങളിലാകുന്നു, അല്ലാഹു പറയുന്നു :

وَٱلَّذِينَ إِذَآ أَنفَقُواْ لَمْ يُسْرِفُواْ وَلَمْ يَقْتُرُواْ وَكَانَ بَيْنَ ذَٰلِكَ قَوَامًا ﴿٦٧﴾

《67》 തങ്ങൾ ചിലവ് ചെയ്യുന്നതായാൽ, അമിതവ്യയം ചെയ്കയാകട്ടെ, പിശുക്ക് കാണിക്കുകയാകട്ടെ ചെയ്യാത്തവരുമാകുന്നു; അതിനിടയിൽ മിതമായതായിരിക്കുന്നതാണ് (അത്)

《67》 وَالَّذِينَ യാതൊരുകൂട്ടരും, إِذَاأَنفَقُوا അവർ ചിലവഴിക്കുന്നതായാൽ لَمْيُسْرِفُوا അവർ അതിരുകവിയുകയില്ല, അമിതവ്യയം ചെയ്കയില്ല وَلَمْيَقْتُرُوا അവർ ലുബ്ധ് (പിശുക്ക്) കാണിക്കുകയുമില്ല, കടുസ്സ് കാണിക്കയുമില്ല وَكَانَ അതായിരിക്കും بَيْنَذَٰلِكَ അതിനിടക്ക്, قواما മിതമായത്, ചൊവ്വായത്.

യാതൊന്നും ചിലവഴിക്കാത്ത ആളുകളുണ്ടാകുകയില്ല. ചിലവഴിക്കുന്നതിലുള്ള ഏറ്റക്കുറവ്, ചിലവഴിക്കുന്ന വിഷയത്തിന്റെ ഗുണദോഷം, ചിലവഴിക്കുന്നവന്റെ പരിതഃസ്ഥിതി എന്നിവ നോക്കിയിട്ടാണ് ഒരാളുടെ ലുബ്ധതയും, അമിതത്വവും കണക്കാക്കുന്നത്. മിക്കജനങ്ങളും ഈ രണ്ടിലൊരു തരത്തിൽ പെട്ടവരായിരിക്കും, ഇക്കൂട്ടരാകട്ടെ, രണ്ട്തരത്തിലും ഉൾപ്പെടുന്നില്ല. അവർ എല്ലാ നിലക്കും മിതത്വം പാലിക്കുന്നവരായിരിക്കും.

മിതമായി ചിലവഴിക്കേണ്ടത് ദാനധർമങ്ങളിൽ മാത്രമല്ല, സ്വന്താവശ്യങ്ങളിലും, വീട്ടാവശ്യങ്ങളിലും, എന്നുവേണ്ട മറ്റെല്ലാ കാര്യങ്ങളിലും അതാവശ്യമത്രെ. വാസ്തവത്തിൽ ദാനധർമാദിവിഷയങ്ങളെക്കാൾ മിതത്വം ഗൗനിക്കേണ്ടത് അവയിലാണ്താനും. മുജാഹിദ് (റ) പ്രസ്താവിച്ചതായി ഇങ്ങിനെ നിവേദനം ചെയ്യപ്പെടുന്നു : അല്ലാഹുവിനെ അനുസരിക്കുന്ന വിഷയത്തിൽ *(*)* അബൂക്വുബൈസ് മലയോളം സ്വർണം ചിലവഴിച്ചാലും അത് അമിതവ്യയമല്ല; അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്ന കാര്യത്തിൽ ഒരു സേർ(ധാന്യം) ചിലവഴിച്ചാലും അത് അമിതവ്യയമാകുന്നു. 6-ാമത് ഗുണവിശേഷം അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നു:

(*) മക്കയിലെ ഒരു മലയാണ് അബൂക്വുബൈസ് (ابو قبيس)